**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 967** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഗാർഹികാവശ്യങ്ങൾക്കുള്ള തടിയുടെ വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഗാർഹികാവശ്യങ്ങൾക്കുള്ള തടിയുടെ ചില്ലറ വിൽപ്പന, വനം വകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ തടി വിൽപ്പന ഡിവിഷനുകൾ മുഖേനയാണ് നടത്താറുള്ളത്; ഏതൊക്കെ മരത്തടിയുടെ ചില്ലറ വിൽപ്പനയാണ് നടത്തുന്നതെന്ന് ഡിവിഷൻ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ; | (എ) | ഗാർഹിക ആവശ്യങ്ങൾക്കുള്ള തടിയുടെ ചില്ലറ വിൽപ്പന, വനം വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, പുനലൂർ, കോട്ടയം, പെരുമ്പാവൂർ, പാലക്കാട്, കോഴിക്കോട് തടി വിൽപ്പന വിഭാഗം ഡിവിഷനുകൾ മുഖേനയാണ് നടത്തുന്നത്. തടിയുടെ ലഭ്യതയ്ക്ക് അനുസൃതമായി പ്രധാനമായും II, III, IV ക്ലാസ്സുകളിൽപ്പെട്ട നല്ല ക്വാളിറ്റി തേക്ക് തടികളാണ് ടി തടി വിൽപ്പന ഡിവിഷനുകളിലൂടെ ചില്ലറ വിൽപന നടത്തി വരുന്നത്. വിവിധ തടി വിൽപന ഡിവിഷനുകളിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതുവരെ നടന്ന വിൽപന : തിരുവനന്തപുരം-53.540 ക്യൂ.മീ, പുനലൂർ-109.750 ക്യൂ.മീ,കോട്ടയം-33.362ക്യൂ.മീ,പെരുമ്പാവൂർ-285.033 ക്യൂ.മീ,പാലക്കാട്-180.612 ക്യൂ.മീ,കോഴിക്കോട്-83.000 ക്യൂ.മീ.(ആകെ 745.297 ക്യൂബിക് മീറ്റർ). |
| (ബി) | തടി വിൽപ്പനയ്ക്കായി പത്രങ്ങൾ മുഖേന പരസ്യം നൽകാറുണ്ടോ; എങ്കിൽ ഏതൊക്കെ പത്രങ്ങളിലാണ് നിലവിൽ പരസ്യം നൽകാറുള്ളതെന്ന് അറിയിക്കാമോ; | (ബി) | പബ്ലിക് റിലേഷൻസ് വകുപ്പ്, പ്രസ് ക്ലബ്, ജില്ലാ ഇൻഫർമേഷൻ ഓഫീസ് എന്നിവ മുഖേന പ്രാദേശികമായി ഏറ്റവും പ്രചാരത്തിലുള്ള ദിനപത്രങ്ങളിൽ തടി വിൽപന സംബന്ധിച്ച പരസ്യം നൽകാറുണ്ട്. |
| (സി) | തടിയുടെ ചില്ലറ വിൽപ്പന സംബന്ധിച്ച വാർത്തകൾ പ്രാദേശികമായി സർക്കുലേഷൻ കൂടുതലുള്ള പത്രങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്തി കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | തടിയുടെ ചില്ലറ വിൽപ്പന സംബന്ധിച്ച പരസ്യങ്ങൾ പ്രാദേശികമായി ഏറ്റവും പ്രചാരത്തിലുള്ള ദിനപത്രങ്ങളിലും, നവമാധ്യമങ്ങൾ, എഫ്.എം റേഡിയോ, പ്രാദേശിക ചാനൽ എന്നിവ മുഖേനയും നൽകാറുണ്ട്. കൂടാതെ പഞ്ചായത്ത്, വില്ലേജ്, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പരസ്യം പതിപ്പിച്ചും തടിയുടെ ചില്ലറ വിൽപന സംബന്ധിച്ച വിവരങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ